# ST THOMAS HSS ERUVELLIPRA

# *ELIXIR*

*Digital Magazine*

**2018-19**



# ആശംസകളോടെ.........



ഈ വിദ്യാലയത്തിലെ ലീറ്റിൽ കൈറ്റ്സ് അംഗങ്ങൾ, കൈറ്റ്സ് മാസ്റ്റേഴ്സ് ശ്രീമതി മഹിജ ടീച്ചർ, ശ്രീമതി ശാലു ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ ഒരു **“Digital Magazine- Elixir”** തയ്യാറാക്കി എന്നതിൽ **St:Thomas** കുടുംബം ഏറെ സന്തോഷിക്കുന്നു. നേതൃത്വം നല്കുന്ന അധ്യാപകരെയും കുട്ടികളെയും അനുമോദിക്കുന്നു. എല്ലാവർക്കും, ജീവിതത്തിൽ എല്ലാ മേഖലകളും **digitalise** ആയിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ശാസ്ത്ര സാങ്കേതിക നേട്ടങ്ങളുടെ എല്ലാ നന്മകളിലൂടെയും വളരുവാൻ സാധിക്കട്ടെ. ആശംസകൾ....

എന്ന് ,

ശ്രീ.കെ.സി എബ്രഹാം

സ്കൂൾ ഹെഡ്മാസ്റ്റർ



# ആമുഖം

പുസ്തകങ്ങൾ മനുഷ്യന്റെ ജീവിതം മാറ്റിമറിച്ചിരുന്ന ഒരു

കാലമുണ്ടായിരുന്നു .എന്നാൽ വായനയുടെ ആ

സുവർണ്ണകാലം ലോകത്തിൽ നിന്ന് പതിയെ

മാഞ്ഞുകൊണ്ടിരിക്കുകയാണിന്ന് . പുസ്തകങ്ങളുടെ ആ

സ്ഥാനം ഇപ്പോൾ ഇ-ബുക്ക് കൈയടക്കി വരുന്നു.



പൊതുവിദ്യാഭ്യാസം മികവുറ്റതാക്കി മാറ്റുന്നതിനായി

ആവിഷ്കരിച്ച പദ്ധതിയാണ് പൊതുവിദ്യാഭ്യാസ

സംരക്ഷണ യജ്ഞം. ഇതിന്റെ ഭാഗമായി

പൊതുവിദ്യാലയങ്ങൾ ഹൈടക്ക് -ആയി മാ

റികൊണ്ടിരിക്കുന്നു. ഈ അവസരത്തിൽ വിവരവിനിമയ

സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ

കുട്ടികൾക്കും പരിചിതമാക്കാൻ ആവിഷ്കരിച്ച

പദ്ധതിയാണ് ലിറ്റിൽ കൈറ്റസ്.

വിദ്യ അർത്ഥിക്കുന്ന സമൂഹത്തിന്റെ വക്താക്കളായ

നമ്മുടെ സഹപാഠികളുടെ തൂലികയിലൂടെ ഉരുത്തിരിഞ്ഞ

സർഗ്ഗസൃഷ്ടികളുടെ ഉദാത്താവിഷ്കാരമാണ് '**ELIXIR**

**2k19**'

# എഡിറ്റോറിയൽ



പുസ്തക വായന ഇ-വായനയിലേക്ക് വഴിമാറുന്ന ഈ

'ELIXIR'. സാഹിത്യപഠനം കുട്ടിയുടെ വ്യക്തിത്വവളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നു . നമ്മുടെ സാംസ്കാരികസത്തെയെ അടുത്തറിയാനും സ്വായത്തമാക്കാനുമുള്ള അവസരം കൂടിയാണ് ST THOMAS HSS അവതരിപ്പിക്കുന്ന

ELIXIR 2K19'. കാലഘട്ടത്തിൽ ഇളം മനസ്സുകളുടെ സാഹിത്യചിന്തകളെ സാങ്കേതിക വിദ്യയുടെ മേമ്പൊടിയോടെ ST THOMAS H S S ലെ യുവ ഭാവനകൾ കൂട്ടിയിണക്കി അവതരിപ്പിക്കുന്ന Digital magazine ആണ് .



## താളുകളിലൂടെ

Little KITEs.......................................................7

ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞു നോട്ടം...................8

അഭിനന്ദനങ്ങൾ ...................................................10

ദുരിതാശ്വാസ പ്രവർത്തനങ്ങൾ..............................11

ദുരിതാശ്വാസ ക്യാമ്പിൽ......................................12

YOGA DAY....................................................13

മലയാള വിഭാഗം.................................................16

G K UPDATES................................................17

വളരുന്ന വൃദ്ധസദനങ്ങൾ.....................................19

കതിരാത്ത ഓർമ്മകൾ..........................................21

സാഹിത്യ സുൽത്താനെ ഓർമ്മിക്കുമ്പോൾ.............24

സമഗ്ര – കുട്ടികൾക്കും പൊതുജനങ്ങൾക്കുംഹൈടെക്

ക്ലാസ് മുറിയിലെ ഇലേണിംഗ് മാനേജ്മെന്റ്

സംവിധാനം.......................................................27

നിനക്കായ് ഈ ജന്മം..........................................29

ആരറിയാൻ.......................................................30

പ്രളയ പശ്ചാത്തലത്തിൽ ദുരന്തനിവാരണത്തിന്റെ

പ്രാധാന്യവും ബോധവൽക്കരണവും - സ്കൂൾ കുട്ടികളിൽ

- ഒരു പഠനം.................................................31

ലൈംഗിക അടിമയിൽ നിന്നും ലോക

ഹൃദയത്തിലേക്ക് – ഒരു പെൺക്കുട്ടിയുടെ

അസാധാരണ യാത്ര........................................36

ലാളിത്യത്തിൻെറ അഗ്നിച്ചിറകുകൾ..................40

DEVELOPING AN APP...............................42

മലയാളത്തിന്റെ മുഖശ്രീ -ഇന്ദുലേഖ..................44

ഹിന്ദിദിനം.....................................................46

ഇനിയും വരുമോ ?..........................................47

ഇനിയും വരുമോ ?..........................................47

ഇനിയും വരുമോ ?..........................................47

ഇനിയും വരുമോ ?..........................................47

ഇനിയും വരുമോ ?..........................................47

ഇന 3..........................................................47

ഇന 3..........................................................47

ഇന 3..........................................................47

ENGLISH SECTION...................................47

THE LITTLE THINGS IN LIFE..................51

Commercialization of Education...................52

THE ROLE OF EDUCATION IN MAKING

A GOOD CITIZEN.......................................54

FIVE FACT ABOUT ALBERT EINSTEIN. 55

ACROPOLIS OF ATHENS................................56

MILAN'S TIPS....................................................57

Fun of Facts........................................................59

INTRODUCTION TO A....................................61

‘Little KITEs’ **IT Clubs is an unique initiative of KITE, which feature over 1 lakh student members. The Hi-School Kuttikootam programme, which was part of the Public Education Rejuvenation Mission of the State Government, through which students were given intense training in 5 areas such as Animation, Cyber Safety, Malayalam Computing, Hardware and Electronics, has been structurally upgraded in Student Police Cadets model, thus becoming ‘Little KITEs IT Clubs’. Little KITEs is set to become the largest Student IT Network in the Country.**

**Hon. Chief Minister, Shri. Pinarayi Vijayan has launched this unique initiative on 22nd January 2018 at Thiruvananathapuram. In addition to the already identified 5 Core areas, more topics have been added such as Development of Mobile Apps, Programming, Robotics, E-Commerce, E-Governance, Video Documentation, Web TV etc to the activity bouquet of 'Little KITEs`.**

**In our school it constitutes two Kites Mistresses' and forty children. We have conducted classes on every Wednesdays.It really enriched the technical attitudes and skills of the Little Kites. Definitely they will be a great explosure to the coming generation.**



**Mahija P T**



**Shalu Andrews**

**Kite Mistresses**

# ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞു നോട്ടം..



മധ്യ തിരുവിതാംകൂറിന്റെ സാംസ്കാരിക സിരാകേന്ദ്രമായ തിരുവല്ലയിൽ കേരള സംസ്ഥാനം രൂപം കൊള്ളുന്നതിനു മുൻപ് മുതലേ , തിളക്കമാർന്ന സംഭാവന നൽകിപ്പോരുന്ന വിദ്യാലയമാണ് തിരുമൂലപുരം സെന്റ് തോമസ് ഹൈസ്കൂൾ. മലങ്കര കത്തോലിക്കാ സഭയുടെ തിരുവല്ല അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അഭിമാനസ്തംഭമാണ് ഈ സരസ്വതിക്ഷേത്രം. അഭിവന്ദ്യ ജോസഫ് സേവേറിയോസ് മെത്രാപ്പോലീത്തായുടേയും മോൺസിഞ്ഞോർ മാത്യു നെടുങ്ങാട്ടിന്റെയും അനുഗ്രഹാശിസ്സുകളോടെ ആരംഭിച്ച ഹൈസ്കൂൾ 1949 ജൂൺ ഒന്നാം തീയതി അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ.എൻ.കുഞ്ഞുരാമൻ ഉദ്ഘാടനം ചെയ്തു. മണിമലയാറിന്റെ തീരത്ത് പ്രകൃതി രമണീയമായ കുന്നിൻപുറത്ത് വിരാജിക്കുന്ന ഈ വിദ്യാലയത്തിൽ മോൺസിഞ്ഞോർ ജോൺ കച്ചിരമറ്റം, റവ.ഫാ.ഫിലിപ്പ് ഇരട്ട മാക്കിൽ, ശ്രീ.റ്റി.ജെ ജേക്കബ്, ശ്രീമതി.റ്റി.ജെ. ചാച്ചിക്കുഞ്ഞ്, റവ.ഫാ.പീറ്റർ തേക്കും പറമ്പിൽ, ശ്രീ.പി.ജെ ജോസഫ്, ശ്രീ ഡി.ജോസഫ്, ശ്രീ.എം.റ്റി.കോര, ശ്രീ.വർഗീസ് കെ.കുര്യൻ, ശ്രീ.പി.എം.ഏബ്രഹാം, ശ്രീ ഏബ്രഹാം കുര്യൻ, ശ്രീ .വി.മി.മാമ്മൻ, ശ്രീമതി. ശോശാമ്മ സി.മാത്യു, റവ.ഫാ.സ്കറിയ

വട്ടമറ്റം, ഡോ.മാത്യു പി.ഏബ്രഹാം, ശ്രീമതി ലൈല

തോമസ് എന്നിവർ പ്രധാനാദ്ധ്യാപകരായി സേവനം

അനിഷ്ഠിച്ചിട്ടുണ്ട്. ഹൈസ്കൂൾ വിഭാഗം മാത്രമായി

പ്രവർത്തിച്ചിരുന്ന ഈ

വിദ്യാലയം 2000-01 വർഷം ഹയർ സെക്കന്ററി

സ്കൂളായി ഉയർത്തുകയുണ്ടായി. കലാ-കായിക -

പ്രവർത്തിപരിചയ രംഗങ്ങളിൽ മികച്ച പ്രകടനങ്ങൾ

ഈ വിദ്യാലയത്തെ കൂടുതൽ ജനപ്രിയമാക്കുന്നു.



അഭിനന്ദനങ്ങൾ ......



സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ, ഇരുവെള്ളിപ്ര
2017 – 18 SSLC പരീക്ഷയിൽ തിളക്കമാർന്ന
വിജയം നേടിയ വിദ്യാർത്ഥികൾക്ക്
അഭിനന്ദനങ്ങൾ
എല്ലാ വിഷയങ്ങൾക്കും A+ നേടിയവർ
Alan Sabu John
Adarsh K Prasannan
Joel K Abraham
Midhun Pillai
Akhil.S
Nibin Mathew
Pristin Thomas Kuruvilla
Shahid.S
Riya Elizabeth Raju
Haripriya Pramod
Ashley Thomas
Siji Sebastian
Lynn Susan Thomas
Anjali Sunil
9 വിഷയങ്ങൾക്ക് A+ നേടിയവർ
Aswin Adithya P.S
Joel K.C
Abhishek.R
Kripa P
Kesiya Kurien
Athira Anil Kumar
Joyce Mary Thomas
അദ്ധ്യാപകർ, സ്റ്റാഫ് & പി. ടി. എ

# ദുരിതാശ്വാസ പ്രവർത്തനങ്ങൾ...



2018 ആഗസ്റ്റ് മാസം കേരളത്തെ മുഴുവൻ ദു:ഖത്തിലാഴ്ത്തിയ പ്രളയം ഈ സ്കൂളിലെ നിരവധി വിദ്യാർത്ഥികൾക്ക് അവരുടെ വിലപ്പെട്ടികളുടെ പാഠപുസ്തകങ്ങളും പാഠോപകരണങ്ങളും വസ്ത്രങ്ങളും ഈ പ്രളയക്കെടുത്തിയിൽ നക്ഷടപ്പെട്ടു.

ഈ കുട്ടികളെ പൂർണമായും നമ്മുടെ വിദ്യാലയം



ഏറ്റെടുക്കയും അവർക്ക് നഷ്ടപ്പെട്ട ഒരു പരിധി വരെ തിരിച്ചുകൊടുക്കാൻ ഈ വിദ്യാലയം ഒറ്റപ്പെട്ടായി സഹകരിച്ചു. ചില അഭ്യാദയകാംക്ഷികളുടെ സഹായം ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

വിദ്യാർത്ഥികൾ ക്കാവശ്യമാണ് സ്കൂൾ ബാഗ്, കുട,മറ്റ് പാഠോപകരണങ്ങൾ, യൂണിഫോം, പാഠപുസ്തകം, നോട്ട്ബുക്ക് ഇവ സമാഹരിച്ച് കുട്ടികൾക്ക് കൊടുക്കുവാൻ തയ്യാറായി.ആഗസ്റ്റ് മാസം നടന്ന പ്രത്യേക അസംബ്ലിയിൽ പത്തനംതിട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ബഹു. ഗോപി സാർ



സന്നിഹിതനായിരുന്നു. ഒപ്പം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൻെറ കോ-ഓർഡിനേറ്റർ, രാജേഷ് വള്ളിക്കോട് പ്രസ്തുത അസംബ്ലിയിൽ പങ്കെടുത്തു. ഈ വിദ്യാലയം സമാഹരിച്ച



പാഠോപകരണങ്ങളുടെ വിതരണ ഉദ്ഘാടന കർമ്മം ബഹു.വിദ്യാഭ്യാസ ഉപഡയറക്ടർ നിർവഹിച്ചു.

ദുരിതാശ്വാസ ക്യാമ്പിൽ......










YOGA DAY.......
INTERNATIONAL DAY OF YOGA
June 21
ST.THOMAS HSS
ERUVELLIPRA
NCC Thiruvalla
















CHAITHANYA F.C


ST.THOMAS


ST.THOMAS
HIGHER SECONDARY SCHOOL
ERUVELLIPRA THIRUVALLA







# മലയാള വിഭാഗം



# G K UPDATES...




**ADEN JOE JOHN**

**9B**

**1)** **2017** ലെ സരസ്വതി സമ്മാനം ലഭിച്ചത്

-സിതാംശു യശചന്ദ്ര മേത്ത



**2)** മാൻമാറിന്റെ പുതിയ പ്രസ്സുഡന്റ് -വിൻ മിൻറ്

**3)** അഭിഭാഷകരിൽ നിന്നും നേരിട്ട് സുപ്രീം കോടതി ജഡ്ജിയാകുന്ന ആദ്യ വനിത -ഇന്ദു മൽഹോത്ര

**4)** മുട്ടത്തുവർക്കി പുരസ്കാരം - കെ .ആർ മീരയുടെ ആരാച്ചാർ എന്ന നോവലിന്

**5)** രാജ്യത്തിന്റെ സൈനിക സുരക്ഷാ കാര്യങ്ങളിൽ നയരൂപീകരണത്തിനായുള്ള ഡിഫൻസ് പ്ലാനിംഗ് കമ്മറ്റിയുടെ ചെയർമാൻ- അജിത് ഡോവൽ

**6)** ഏപ്രിൽ **12** ന് വിജയകരമായി വിക്ഷേപിച്ച ഇന്ത്യയുടെ ഗതി നിർണ്ണയോപഗ്രഹം **- IRNSS-1**

**7)** ലളിതാ കുമാരാമംഗലം സ്ഥാനമൊഴിഞ്ഞ ശേഷം വനിതാ കമ്മീഷൻ അധ്യക്ഷയായി ചുമതലയേറ്റത് - രേഖാ ശർമ്മ

**8)** ജമ്മുകാശ്മീർ ഹൈക്കോടതിയുടെ ആദ്യാ വനിതാ ചീഫ് ജസ്റ്റിസ് - ഗീതാ മിത്തൽ

**9)** ഐക്യരാഷ്ട്രസംഘടനയുടെ മനുഷ്യാവകാശ ഏജൻസിയുടെ പുതിയ മേധാവി- മിഷേൽ ബാഷെലെറ്റ്

**10)** രാജ്യസഭാ ഉപാധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടത് - ഹരിവംശ നാരായൻ സിങ്



**11)** മാലദ്വീപ് പുതിയ പ്രസിഡൻറ് -ഇബ്രാഹിം മുഹമ്മദ് സോലിഹ്

**12)** ക്ഷയരോഗം ഭൂമുഖത്ത് നിന്ന് തുടച്ചു മാറ്റും എന്ന് ഐക്യ രാഷ്ട്ര സംഘടന ലക്ഷ്യം വയ്ക്കുന്ന വർഷം **- 2030**

**13) T*2** എന്ന പദ്ധതിയുടെ ലക്ഷ്യം **?**

ലോകത്തുള്ള കടുവകളുടെ എണ്ണം ഇരട്ടിയാക്കുന്നതിന് **(world wild life foundation)**

**14) 2018 -**ൽ ആദ്യമായി ഒരു വിമാനത്താവളം ഉദ്ഘാടനം ചെയ്യപ്പെട്ട ഇന്ത്യൻ സംസ്ഥാനം **-** സിക്കിം

**15)** അലഹബാദ് നഗരത്തിന്റെ പുതിയ പേര്**-** പ്രയാഗരാജ്

**16)** ഇന്ത്യയിലെ ആദ്യ ട്രൈബൽ ടൂറിസം പദ്ധതി നിലവിൽ വന്ന സംസ്ഥാനം**?**

**-** ഛത്തീസ്ഗഡ്



**17)** ഇന്ത്യയിലെ ആദ്യ സ്മ്ാർട്ട് ഹരിത ഹൈവേ **-** ഈസ്റ്റേൺ പെരിഫറൽ എക്സ്പ്രവേ

**18)** ഹൈഡ്രജൻ ഇന്ധനമാക്കി പ്രവർത്തിക്കുന്ന ലോകത്തിലെ ആദ്യ പാസഞ്ചർ ട്രെയിൻ നിർമ്മിച്ച രാജ്യം **-**ജർമ്മനി

# വളരുന്ന വൃദ്ധസദനങ്ങൾ




**SAVYA RAJEEV**

**10 D**


നമ്മുടെ ഈ കൊച്ചുകേരളത്തിൽ ഇന്ന് ദിനംതോറും വ്രദ്ധസദനങ്ങളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ്. കഷ്ടപ്പെട്ടു അധ്വാനിച്ചു പോറ്റി വളർത്തിയ മക്കൾ പ്രായമാകുമ്പോൾ മാതാപിതാക്കളെ കറിവേപ്പില പോലെവലിച്ചെറിയുന്നു.ദൈവത്തിന്റെ സ്വന്തം നാടെന്ന് പറയപ്പെടുന്ന കേരളത്തിൽ ഇന്ന് ദൈവതുല്യം കാണപ്പെടേണ്ട അച്ഛനമ്മമാരെ വഴിയോരങ്ങളിലും വ്രദ്ധസദനങ്ങളിലും മറ്റും കൊണ്ടുതള്ളുന്നു.ഇന്ന് വ്രദ്ധസദനം ഇല്ലാത്ത ഒരു നഗരം പോലും നാട്ടിൽ കാണില്ല.

തങ്ങളുടെ ജീവിതം മുഴുവനും നൽകിയാണ് ഓരോ അച്ഛനമ്മമാരും തങ്ങളുടെ മക്കളെ വളർത്തുന്നത്.പ്രതിഫലേച്ഛ കൂടാതെ ഉള്ള സ്നേഹമാണ് അവർ നൽകുന്നതെങ്കിലും വാർധക്യകാലത്ത് അവരെ സംരക്ഷിക്കേണ്ടത് ഓരോ മക്കളുടേയും കടമ തന്നെയാണ്.അതു ഒരിക്കലും നാം വിസ്മരിച്ചുകൂടാ. ഒൻപത് മാസം ഉദരത്തിൽ ചുമന്ന് പ്രസവിച്ച പാലൂട്ടി അവർക്കുവേണ്ടതെല്ലാം നൽകി അമ്മമാർ മക്കളെ വളർത്തുന്നു.കുഞ്ഞും അമ്മയും തമ്മിലുള്ള ബന്ധം കുട്ടിക്കാലത്ത് ദൃഢമായിരിക്കും. എന്നാൽ പ്രായമാകുമ്പോൾ മക്കൾക്ക് അമ്മയുടെ സഹായമില്ലാതെ ജീവിക്കാം എന്ന തോന്നൽ ഉണ്ടാകുന്നു.അച്ഛന്മാരോടുള്ള പെരുമാറ്റവും ഇങ്ങനെതന്നെ.റഫീക്ക് അഹമ്മദിന്റെ 'അമ്മത്തൊട്ടിൽ'എന്ന കവിതയിൽ വൃദ്ധയായ അമ്മയെ ഉപേക്ഷിക്കാൻ സ്ഥലം തേടിയലയുന്ന മകനെ കാണാം. എന്നാൽ എവിടെയൊക്കെ ചെന്നിട്ടും

അമ്മയുടെ ഓർമ്മകൾ അമ്മയെ ഇറക്കി വിടുന്നതിൽ നിന്നും അയാളെ പിന്തിരിപ്പികുന്നു. ഇന്നത്തെ സമൂഹത്തിലെ അവസ്ഥ തന്നെയാണ് അദ്ദേഹം തന്റെ കവിതയിലും ആവിഷ്കരച്ചിട്ടുള്ളത്.



വാർദ്ധക്യത്തിൽ എത്തുബോൾ എന്തുകൊണ്ടാണ് മാതാപിതാക്കൾ ഒരു ഭാരമായി മക്കൾക്ക് അനുഭവപ്പെടുന്നത്?വാർധക്യകാലത്താണ് അച്ഛനമ്മാർ മക്കളുടെ സ്നേഹവും കരുതലും



എറ്റവുമധികം കൊതിക്കുന്നതും എന്നാൽ പലപ്പോഴും മാതാപിതാക്കൾക്ക് തങ്ങളേക്കാൾ സ്റ്റാറ്റസ് കുറവാണ് എന്ന ചിന്തയാവാം അവരെ ഇതിനു പ്രേരിപ്പിക്കുന്നത്.ഉപയോഗം കഴിഞ്ഞ് വലിച്ചെറിയപ്പേടേണ്ട എന്തോ ഒരു വസ്തുവിനേപ്പോലെ ആണ് ഇന്നത്തെ തലമുറ. മക്കൾ അച്ഛനെയും അമ്മയേയും കാണുന്നത്. വാർധക്യകാലത്ത് മാതാപിതാക്കൾ ഏറ്റവുമധികം നമ്മുടെ സ്നേഹവും പരിഗണനയും ആഗ്രഹിക്കുന്ന സമയത്ത് അവരെ നമ്മൾ നോക്കിയേ മതിയാവൂ. ഒരിക്കലും മക്കൾ കാരണം അവരുടെ കണ്ണുനീർ തൂകാൻ ഇടവരരുത്. അമ്മയുടെ ശാപം കുടുംബത്തിന്റെ അടിത്തറ ഇളക്കും എന്നാണ്.

# കുതിരാത്ത ഓർമ്മകൾ



**ANNA C BIJU**

**9 C**



ഒഴിയാതെ നില്ക്കുകയാണ് മഴ......... അവളുടെ മിഴികളും അങ്ങനെ തന്നെ..... രാത്രിയുചടെ ഏകാന്തതയിൽ അവൾ മിഴിയുടെ വാതായനങ്ങൾ തുറന്നു. വിജനതയിളലേക്ക് ജനാല തുറന്ന് അവൾ തുറന്ന് നിന്നു. മിന്നലിൻെറ നേർത്ത വെളിച്ചം ജനാലയിലൂടെ അകത്തേക്ക് കയറി. പിന്നാലെ ഇടിയുടെ ഘോര ശബ്ദവും. ഒരു നിമിഷം അവൾ ഒന്ന് നടുങ്ങി. ആ നേർത്ത വെളിച്ചത്തിലുള്ള മിന്നൽ നിന്ന് ഇത്ര ഭയങ്കരമായ ശബ്ദം അവൾ പ്രതീക്ഷിച്ചിരുന്നില്ല. മഴത്തുളികൾ അവളുടെ ദേഹത്തേക്ക് തെറിച്ചു. ഓരോ തുള്ളയും അവളെ ഏറെ വേദനിപ്പിച്ചു. ആ മഴയുടെ ഓർമ്മ........ അവളെ വീണ്ടും കണ്ണീരണിയിച്ചു..............

കൃതൃമായി പറഞ്ഞാൽ, പത്ത് വർഷം മുമ്പ് അവളെ അനാഥയാക്കി രാത്രി അവൾ ഓർക്കുകയാണ്. തന്നെ സങ്കടപ്പെടുത്തുന്ന ആ ഇരുണ്ട ദിനം ഓർക്കാൻ അവൾക്ക് കഴിയുന്നില്ല.

അവൾ തിരികെ കട്ടിലിനരികിലേക്ക് നടന്നു.

തന്നെ അലട്ടുന്ന ഓർമകളോട് അവൾക്ക് ഭയമായി.

അവൾ ഇരുകൈകളോട് കൊണ്ട് മുഖം പൊത്തി, കട്ടിലിൽ ഇരുന്നു രാത്രിയുടെ ഇരുട്ടിൽ അവൾ കഴിഞ്ഞതെല്ലാം കാണാൻ തുടങ്ങി. വിധി അവളുടെ ജീവിതത്തിൽ നിന്ന് മാതാപിതാക്കളെ ആദ്യം തന്നെ തുടച്ച് മാറ്റിയിരുന്നു.സഹോദരിമാരോടൊപ്പമാണ് അവൾ വളർന്നത്. മാതാപിതാക്കളുടെ പ്രണയവിവാഹമായിരുന്നു. ഒരപകടത്തിൽ അവർ മരിച്ചുപോയിരുന്നു. ചെറുപ്പം മുതലേ കൊച്ചേച്ചിയും വല്ല്യേച്ചി ജോലിക്ക് പോയിട്ടാണ് അവർ മൂവരും കഴിഞ്ഞത്. ചേച്ചിമാർ കഴിച്ചിലെങ്കിലും, അവരുടെ കുഞ്ഞ് മുത്തിന് ഒരു കുറവും അവർ ഉണ്ടായിരുന്നില്ല. വല്ല്യേച്ചിയുടെ ആഗ്രഹങ്ങളെല്ലാം തൻെറ കുഞ്ഞിപ്പെങ്ങക്കായി

മാത്രിവച്ചിരുന്നു. അങ്ങനെയാണ് കൊച്ചെച്ചിക്ക് പഠനത്തിന് പണം അവശ്യമായിവന്നപ്പോൾ ച്ചേച്ചി അവിടെയോരു പ്രമാണിയോട് കടം വാങ്ങിയത്. തൻെറ ബുദ്ധിമുട്ടുകളൊന്നും ചേച്ചി അനുജത്തിമാരെ അറിയിച്ചിരുന്നില്ല. തൻെറ പൊന്നനിയത്തിമാരെ എപ്പോഴും സന്തോഷമായിരിക്കുന്നുമെന്ന് വല്ല്യേച്ചി ആഗ്രഹിച്ചു. കൊച്ചേച്ചി പഠനത്തിന് വേണ്ടി ചേച്ചി അദ്ധ്യാനിച്ചുണ്ടാക്കുന്ന ഒരു ചില്ലിക്കാശു പോലും പാഴാക്കി കാളഞ്ഞിരുന്നില്ല. അവളുടെ പഠനത്തിലുള്ള താത്പര്യം കണ്ട് ചേച്ചി ആത്യധികം സന്തോഷിച്ചു.....



**ANNA .C.BIJU**



# ഗാന്ധിജയന്തിവാരാഘോഷം

**2018-19 അക്കാദമിക വർഷത്തിയ**

**പ്രക്രിയയിലൂടെയാണ് ഈ വർഷം ആചരിച്ചത്.**

**3.10.18-ൽ നടത്തിയ ശുചീകരണ**

**പ്രവർത്തനങ്ങളിൽ ഓരോ ക്ലാസ്സുകളും**

**പങ്കെടുക്കുകയുണ്ടായി. വിദ്യാലയ പരിസരവും**


**അനുഭനവ നേഡും ശുചിയാക്കുന്നതിൽ**

**കുട്ടികൾക്കൊപ്പം അധ്യാപകരും**

**എത്തിച്ചേർന്നു.'പ്ലാസ്റ്റിക്ക് വിമുക്ത**

**വിദ്യാലയം'എന്നലക്ഷ്യം**

**പ്രാവർത്തികമാക്കുക എന്നതായിരുന്ന ഈ**



**വിദ്യാലയം മുന്നോട്ട് വച്ചത്. തുടർന്നും ഈ ലക്ഷ്യം**

**നിറവേറ്റുന്നതിനായി എല്ലാമാസത്തിലേയും**

**2 ദിവസങ്ങൾ ഈ പ്രവർത്തനത്തിനായി**

**മാറ്റിവയ്ക്കണമെന്ന  നിർദ്ദേശവും കുട്ടികൾ**


**നൽകുകയുണ്ടായി.**

## സാഹിത്യ സുൽത്താനെ ഓർമ്മിക്കുമ്പോൾ......

**NIKHIL THOMAS**

**9 C**





**സാധാരണക്കാരിൽ സാധാരണക്കാരനായ നാട്ടുമനുഷ്യന്റെ പച്ചഭാഷയിലുള്ള രചനകൾ വായനക്കാരനെ ഒരുപോലെ ചിരിപ്പിക്കുകയും, ചിന്തിപ്പിക്കുകയും, കരയിപ്പിക്കുകയും ചെയ്തു. അതായിരുന്നു ആ തൂലികയുടെ ശക്തിയും....... മലയാള സാഹിത്യത്തിൽ ഒരേയൊരു സുൽത്താനേയുള്ളൂ. ഭാഷയുടെയും വ്യാകരണത്തിന്റെയും വേലിക്കെട്ടുകൾ പൊളിച്ചെഴുതി മലയാള സാഹിത്യത്തെ സാധാരണക്കാരന്റെ ജീവിതത്തോട് ചേർത്തു നിർത്തിയ ബേപ്പൂർ സുൽത്താൻ എന്ന വൈക്കം മുഹമ്മദ് ബഷീർ.**

**സാധാരണക്കാരിൽ സാധാരണക്കാരനായ നാട്ടുമനുഷ്യന്റെ പച്ചഭാഷയിലുള്ള ഹാസ്യാത്മകമായ രചനകൾ വായനക്കാരനെ ഒരുപോലെ ചിരിപ്പിക്കുകയും, ചിന്തിപ്പിക്കുകയും, കരയിപ്പിക്കുകയും ചെയ്തു.അതായിരുന്നു ആ തൂലികയുടെ ശക്തിയും. ഒരിക്കലും അലക്കിത്തേച്ച വടിവൊത്ത ഭാഷയിൽ അദ്ദേഹം എഴുതിയില്ല. ഇത് മലയാളത്തിലെ മറ്റൊരു സാഹിത്യകാരനും അവകാശപ്പെട്ടാൻ സാധിക്കാത്തവിധം ബഷീറിനെ ജനകീയനാക്കി. തന്റേതുമാത്രമായ വാക്കുകളും ശൈലികളുമായുന്നു ബഷീറിന്റെ സവിശേഷത. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ രചനാരീതി ബഷീറിയൻ ശൈലി തന്നെ അറിയപ്പെട്ടു.**

**ബാല്യകാല സഖി, പാത്തുമ്മായുടെ ആട്, പ്രേമലേഖനം, മതിലുകൾ, ശബ്ദങ്ങൾ, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്,**

പാവപ്പെട്ടവരുടെ വേശ്യ, മുച്ചീട്ടുകളിക്കാരന്റെ മകൾ, വിശ്വവിഖ്യാതമായ മൂക്ക്, വിഡ്ഡികളുടെ സ്വർഗം എന്നിങ്ങനെ മലയാളി എന്നും ഓർത്തുവയ്ക്കുന്ന രചനകൾ ആ തൂലികയിൽ നിന്ന് പിറവിയെടുത്തു. ജീവിതത്തോട് ചേർന്ന് നിൽക്കുന്നവയായിരുന്നു അദ്ദേഹത്തിന്റെ രചനകൾ, താൻ കണ്ടുമുട്ടിയിട്ടുള്ള കഥാപാത്രങ്ങളെ അദ്ദേഹം രചനകളിലും ആവിഷ്കരിച്ചു.



കേന്ദ്രസാഹിത്യ അക്കാദമി, കേരളസാഹിത്യ അക്കാദമി ഫെല്ലോഷിപ്പുകൾ, സാഹിത്യത്തിനും രാഷ്ട്രീയത്തിനുമായി നാലു നാമപത്രങ്ങൾ തുടങ്ങിയവ ലഭിച്ചു. 1982 ൽ ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ നൽകി ആദരിച്ചു. 1987 ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡോക്ടർ ഓഫ് ലെറ്റേഴ്സ് ബിരുദം നൽകി. പ്രേംനസീർ അവാർഡ്, ലളിതാംബിക അന്തർജനം സാഹിത്യ അവാർഡ്, മുട്ടത്തുവർക്കി അവാർഡ്, വള്ളത്തോൾ പുരസ്കാരം എന്നിവ ലഭിച്ചു. 1994 ജൂലായ് 5 ന് ബഷീർ ഈ ലോകത്തോട് വിടപറഞ്ഞു.ബഷീർ വിടപറഞ്ഞെങ്കിലും അദ്ദേഹത്തിന്റെ രചനകളെല്ലാം പുറത്തിറങ്ങിയ അതേ പുതുമയോടെതന്നെ ഇന്നും വായിക്കപ്പെടുന്നു. കാരണം അവ ഓരോന്നും ഓരോ പാഠപുസ്തകങ്ങളാണ്. ജീവിതം എന്തെന്ന് കാട്ടിത്തരുന്ന മഹത്തായ പാഠപുസ്തകങ്ങൾ.

## സമഗ്ര – കുട്ടികൾക്കും പൊതുജനങ്ങൾക്കും ഹൈടെക് ക്ലാസ് മുറിയിലെ ഇലേണിംഗ് മാനേജ്മെന്റ് സംവിധാനം




**അധ്യാപകർക്ക് മാത്രമല്ല, കുട്ടികൾക്കും പൊതുജനങ്ങൾക്കും സമഗ്രയിലെ റിസോഴ്സുകളും ചോദ്യശേഖരവും പരിശോധിക്കാനും ഡൗൺലോഡ് ചെയ്ത് ഉപയോദിക്കാനും സാധിക്കും. എന്നാൽ പാഠനസൂത്രണ മാതൃകകൾ പരിശോധിക്കാനും, ഡൗൺലോഡ് ചെയ്യാനും പഠനവിഭവങ്ങളെ പാഠാവതരണത്തിന് അനുസരിച്ച് ക്രമീകരിക്കാനും അധ്യാപകർക്കാണ് സൗകര്യമുള്ളത്. ഇതിനവർ ലോഗിൻ ചെയ്യിരിക്കണം. കുട്ടിയുടെ പഠനപുരോഗതി യഥാസമയം അറിയാൻ കുട്ടിയുടെ അഡ്മിഷൻ നമ്പർ ആധാരമാക്കി രക്ഷിതാവിന് ലോഗിൻ ചെയ്യുന്നതിനും വിവരങ്ങൾ പരിശോധക്കുന്നതിനുമുള്ള സൗകര്യം തുടർഘട്ടങ്ങളിൽ നടപ്പാക്കാനുള്ള സംവിധാനവും സമഗ്ര പോർട്ടലിലൂടെ ലക്ഷ്യമിടുന്നു.**



**ALBIN CHACKO MATHEW**

**9 D**

ക്ലാസ്സുറികൾ ഹൈടെക്കായതോടെ എല്ലാ വിഷയങ്ങളും ഐ.സി.ടിയുടെ സങ്കതങ്ങൾ ഉപയോഗിച്ച് വിനിമയം ചെയ്യുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ കേരളത്തിലെ സ്കൂളുകളിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. സാങ്കതികവിദ്യയിലൂന്നിയ ക്ലാസ്സുറികൾ യാഥാർത്ഥ്യമാക്കുന്നതിന് അവയ്ക്ക് സഹായകമായ വിധത്തിൽഡിജിറ്റൽ

പംനവിഭവങ്ങളും അതിനൊരു വിനിമയപദ്ധതിയും ആവശമാണ്. ഇതിമായി വിദ്യാസവകുപ്പ് സജ്ജീകരിച്ച പോർട്ടലാണ് സമഗ്ര ഇ-ലേണിംഗ് മാനേജ്മെന്റ് സിസം (**[https://samagra](https://samagra). Itschool.gov.in).** എസ്സിഇആർറ്റയുടെ സഹായത്തോടെ കൈറ്റാണ് ഈ പോർട്ടൽ തയറാക്കിയിരിക്കുന്നത്.

ബ്ലാക്ക് ബോർഡും ചോക്കും ചാർട്ടും നിലനിന്നിരുന്ന സാമ്പ്രദായി കവും സംവിധാനത്തിൽ നിന്ന്, ആധുകമായ ടെക്നോളജി ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുള്ള ക്ലാസ് മുറികളിലേക്ക് പഠനം പരിവർത്തനം ചെയ്യപ്പെട്ടപ്പോൾ അതിനനസൃതമായി സ്വയം നവീകരിക്കാൻ അധ്യാപനെ സഹായപക്കുക എന്നതിനാണ് സമഗ്രലേണിംഗ് മാനേജ്മെന്റ് സംവിധാനം ഊന്നൽ നൽകുന്നത്. **1-12** ക്ലാസ് വരെയുള്ള സ്കൂൾ അക്കാദമിക് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യുന്നു.





**കേരള വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി . രവീന്ദ്രനാഥ് ഇരുവെള്ളിപ്ര സെന്റ്.തോമസ് എച്ച് .എസ്സ്. എസ്സിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ അവലോകന യോഗത്തിൽ സംസാരിക്കുന്നു.**

# നിനക്കായ് ഈ ജന്മം

പറയാൻ  മറന്നു  തോഴീ...........

അറിയാൻ  മറന്നു നിന്നെ...........

നിൻ മനം നന്നെ ..പിന്നെ

അറിയാൻ മറന്നു തോഴീ..........




പിന്നിട്ട  വഴികളിലെങ്ങോ

നീ എന്റെ സ്വന്തമായില്ലെ....

മനസ്സിന്റെ ആശകളെല്ലാം

പറഞ്ഞതി നേരം നമ്മൾ

പൊൻതിങ്കൾ  കല ചൂടിവരും

ആരു പൂപോലെ നീ

ആറിയാതെ ആറിയാതെ

ആനുരാഗം എന്നിൽ തന്നു

മാക്കാൻ കഴിയുന്നല്ല

വെറുക്കാൻ കഴിയുന്നല്ല

ഹൃദത്തിൻ വാതിൽ തുറന്ന്

എന്നും ഞാൻ കാത്തിരിപ്പ

**ACHASAH   MOHANAN**

**9 B**

# ആരറിയാൻ

എരിയുന്ന വേനലിൽ

കരിയുന്ന ഭൂമിയുടെ

ചുട്ടുനിശ്വാസങ്ങളാരറിയാൻ

ചിറകറ്റ  പക്ഷിയുടെ

വേദനകൾ വിങ്ങുന്ന

വിലാപ ഗീതങ്ങളാരറിയാൻ

വേനകൾ വിങ്ങുന്ന

മനസ്സന്റെ യാഴങ്ങളാരറിയാൻ

മുറ്റത്തെ നാരകച്ചില്ലയിൽ

കുറുകുറന്ന കുമന്റെ

കണ്ണകളിലഗ്നി  തിളച്ചതു

ഒരുമഴത്തുള്ളിയ്ക്കണ്ടി

വേഴാമ്പൽ,

ഉണങ്ങിയ മരക്കൊൽ

കാത്തിരിക്കുന്ന ആരറിയാൻ

എഴുതാത്ത കാര്യങ്ങൾ

കാണാത്ത കാഴചകൾ ആരറിയാൻ?



**ASWATHI . U**

# പ്രളയ പശ്ചാത്തലത്തിൽ ദുരന്തനിവാരണത്തിന്റെ പ്രാധാന്യവും ബോധവൽക്കരണവും - സ്കൂൾ കുട്ടികളിൽ - ഒരു പഠനം



**ആമുഖം**

കേരളം അടുത്ത കാലത്ത് നേരിട്ട മഹാപ്രളയം നമ്മെ പഠിപ്പിക്കുന്ന പാഠങ്ങള് അതിഗൗരവമുള്ളതാണ്. ലോകത്ത് പലസ്ഥലത്തും നടന്ന സമാനദുരന്തങ്ങള് നമ്മളെത്തേടി വരില്ല എന്ന മിഥ്യാധാരണയായിരുന്നു മലയാളികള്ക്ക്. പക്ഷേ എല്ലാ നിയന്ത്രണങ്ങളും തകര്ത്ത് പാഞ്ഞു


MILAN SAJI

9 B




വന്ന പ്രളയജലം നമ്മുടെ സാമ്പത്തിക സാമൂഹികസ്ഥിരതയെ മാത്ര്രമല്ല നമ്മള് സുരക്ഷിതരാണ് എന്ന മിഥ്യാബോധത്തെയു തകര്ത്തെറിഞ്ഞു.

1924-ലെ പ്രളയം ഇന്നും മലയാളികള്ക്ക് മറക്കാന് കഴിയുന്നതല്ല. ഇന്നത്തേക്കാള് കൂടുതല് മരണം അന്നുണ്ടായി. അന്നത്തെ ജനത അതിനെ നേരിട്ടത് സുസ്ഥിരമായ ജീവിതം മുന്നിര്ത്തിയായിരുന്നു. പ്രളയം കഴിഞ്ഞ് 2 മാസം ആയെങ്കിലും ഇന്ന് മലയാളിമനസ്സില് അതിനെ അതിജിവിക്കാനുള്ള ശേഷി സംഭരിച്ചിട്ടില്ല.

## പഠനത്തിന്റെ പ്രാധാന്യം.

സ്വയംരക്ഷയെക്കുറിച്ച് ഒന്നും പഠിക്കാത്ത

പരിചയിക്കാത്ത നമുക്കു മുന്നില് പ്രളയജലം കഴുത്തറ്റം എത്തിയപ്പോള് രക്ഷകരെത്തേടി കൂട്ടമായി നിലവിളിക്കാനേ നമുക്കുകഴിഞ്ഞുള്ളു. ദുരന്തിവാരണ അവബോധത്തിന്റെയും ദുരന്ത പ്രതിരോധത്തിന്റെയും ബാലപാഠങ്ങള് നമുക്ക് അറിയാതെ പോയി എന്നതാണ് വസ്തുത. ദുരന്തനിവാരണതെക്കുറിച്ച് എന്തെങ്കിലും പരിശീലനം തുടക്കത്തിലേ നമുക്ക് ലഭിച്ചിരുന്നെങ്കിൽ ദുരന്തത്തിന്റെ ആഘാതം കുറയ്ക്കാമായിരുന്നു. ദുരന്ത ലഘൂകരണപ്രതിരോധന അവബോധം ഏറ്റവും കൂടുതൽ പകരേണ്ടത് കുട്ടികൾക്കാണ്. ആ തിരിച്ചറിവാണ് ഈ പഠനത്തിലേക്ക് എന്നെ നയിച്ചത്.

## ലക്ഷ്യം

- പ്രളയത്തെ കുട്ടികൾ എങ്ങനെ അതിജിവിക്കുന്നു എന്ന് കണ്ടെത്താൻ
- വിവരസാങ്കേതിക വിദ്യാധിഷ്ഠിത ബോധവൽക്കരണം.

## പരികൽപന

പ്രളയത്തെ കുറിച്ച് വിദ്യാർത്ഥികൾക്ക് യാതൊരുവിധ അവബോധവും ഇല്ലായിരുന്നു.

## പ്രധാന വാക്കുകളുടെ നിർവചനം

**പ്രളയം:** വെള്ളം പ്രതലത്തിൽ നിന്നും ക്രമാതീതമായി പൊങ്ങുന്ന അവസ്ഥ.

**ദുരന്ത നിവാരണം:** പ്രതികൂല പ്രത്യാഘാതങ്ങളുടെ പരിണതഫലങ്ങൾ കുറയ്ക്കുന്നതിനുള്ള വ്യവസ്ഥാപിത പ്രക്രിയ.

**പ്രാധാന്യവും ബോധവൽക്കരണവും:** ദുരന്ത നിവാരണത്തിന്റെ പ്രാധാന്യവും അതിനുവേണ്ടിയുള്ള ബോധവല്ക്കരണവും.

**കുട്ടികൾ :** പ്രളയ ബാധിതപ്രദേശങ്ങളിൽ നിന്നു വരുന്ന 8,9,10 ക്ലാസുകളിലെ സ്കൂൾ കുട്ടികൾ

## രീതിശാസ്ത്രം

- സർവ്വേരീതിയാണ് ഈ പഠനത്തിനായി ഉപയോഗപ്പെടുത്തിയത്.
- ഒരു ബോധവൽക്കരണ പരിപാടി തയ്യാറാക്കി നടത്തി.

## പഠനോപാധി

പ്രളയ ബാധിതപ്രദേശങ്ങളിൽ നിന്നു വരുന്ന 8,9,10 ക്ലാസുകളിൽ പഠിക്കുന്ന 100 കുട്ടികളിൽ ചോദ്യാവലിയുടെ സഹായത്തോടുകൂടിയാണ് വിവരശേഖരണം നടത്തിയത്

## കണ്ടെത്തലുകൾ

ഞങ്ങൾ നടത്തിയ പഠനത്തെ അടിസ്ഥാനപ്പെടുത്തി കണ്ടെത്തിയ വസ്തുതകൾ.

### a. ദുരിതബാധിതരെക്കുറിച്ചുള്ള കുടുംബപശ്ചാത്തല വസ്തുതകൾ

**ടേബിൾ .1**

| ദുരിതബാധിതർ | എണ്ണം | ശതമാനം |
|---|---|---|
| കുട്ടികൾ | 60 | 60% |
| വയോധികർ | 15 | 15% |
| രോഗികൾ | 25 | 25% |

തന്നിരിക്കുന്ന പട്ടികപരിശോധിച്ചാൽ ദുരിത ബാധിതരിൽ ,60%കുട്ടികൾ , 15%വയോധികർ, 25% രോഗികളുമാണ് എന്ന് നമുക്ക് മനസ്സിലാക്കാം.

**ടേബിൾ .2**

| ദുരിതബാധിതര് | എണ്ണം | ശതമാനം |
|---|---|---|
| സര്ക്കാര്ജോലിയുള്ളവര് | 10 | 10% |
| കലിപ്പണിക്കാര് | 50 | 50% |
| പ്രവാസികൾ | 21 | 21% |
| മറ്റുള്ളവര് | 19 | 19% |

തന്നിരിക്കുന്ന ഈ പട്ടിക പരിശോധിച്ചാല് 10% സര്ക്കാര്ജോലിയുള്ളവര്, 50% കലിപ്പണിക്കാര്, 21%പ്രവാസികള്, മറ്റുള്ളവര്19%വും ആണ്.

### b. ദുരിതബാധിതരെക്കുറിച്ചുള്ള പ്രളയ പശ്ചാത്തല വസ്തുതകള്

ദുരിതബാധിതരില് 51 %പേരുടെയും വീടകളില് വെള്ളം കയറിയത് പകല് സമയത്ത് ആയിരുന്നു. അതിനാല് ആവര്ക്ക് സുരക്ഷിതസ്ഥാനങ്ങളില് എത്തിചേരാന്കഴിഞ്ഞു. പക്ഷെ ബാക്കി 49%പേരുടേയുംരാത്രി സമയത്താണ് വെള്ളം കയറിയത്. ഇത് രക്ഷാപ്രവര്ത്തനം അസാധ്യമാക്കി. അതുകൊണ്ട്തന്നെ ദിവസങ്ങളോളം അവര്ക്ക് ഒറ്റപ്പെട്ടു കഴിയേണ്ടി

വന്നു. വെറും 51%പേര്ക്ക് മാത്രമാണ് ഭക്ഷണവും വെള്ളവും ലഭിച്ചത്. ബാക്കിയുള്ളവര് ദുരിതത്തിലായിരുന്നു. വ്യക്തികള്ക്കും നീന്തല് അറിയില്ല എന്ന വസ്തുത നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

40%പേരെ പോലീസും സേനയുംസഹായിച്ചപ്പോള് 35% പേരുടെ രക്ഷയെത്തിയത് മത്സ്യ ബന്ധനക്കാര് ആയിരുന്നു.ബാക്കി 20% പേരെ വള്ളക്കാര് ചേര്ന്നും 5% പേരെ സാമൂഹ്യ പ്രവര്ത്തകരുമാണ് രക്ഷപ്പെടുത്തിയത്.ഇതില് 95% പേരും ഫോണ് രക്ഷാ പ്രവര്ത്തനത്തിനുപയോഗിച്ചപ്പോള് 5% സാമഹ്യമാധ്യമങ്ങളാണ് ഉപയോഗപ്പെടുത്തിയത്.

**ബോധവൽക്കരണ പരിപാടി**

കുട്ടികൾക്ക് വളരെ പരിചയമുള്ളതും എളുപ്പം ഉപയോഗിക്കാൻ പറ്റുന്ന ലളിതമായ ചില മാർഗ്ഗങ്ങൾ ഉൾപ്പെടുത്തി ഐറ്റി സഹായത്തോടുകൂടി അവതരിപ്പിച്ചു.

- GIS- സാങ്കേതികത ഉപയോഗപ്പെടുത്തുന്നവിധം
- സാമൂഹ്യമാധ്യമങ്ങള് ഉപയോഗപ്പെടുത്തുന്നവിധം.
- പ്ലാസ്റ്റിക് കുപ്പികള് ചേര്ത്തുവച്ച് കുഞ്ഞുബോട്ടുകളുണ്ടാക്കി സുപ്രധാനരേഖകളും വിലപിടിച്ച വസ്തുക്കളും അവയില് സുരക്ഷിതമാക്കുന്ന രീതി വിശദീകരിച്ചു.
- ലൈഫ് ജാക്കറ്റുകൾ ഉപയോഗിക്കുന്ന രീതി വീഡിയോ ഉപയോഗിച്ച് വിശദീകരിച്ചു.
- ഫൈബര് ബോട്ടുകൾ ഉപയോഗിക്കുന്ന രീതി വീഡിയോ ഉപയോഗിച്ച് വിശദീകരിച്ചു.
- കന്നാസുകൾ ലൈഫ് ജാക്കറ്റുകളാക്കി ഉപയോഗപ്പെടുത്തുന്നതിലെ സാധ്യതകൾ ചിത്രസഹിതം വിശദീകരിച്ചു.
- ഓറഞ്ച്, യെല്ലോ, റെഡ് അലര്ട്ട് എന്നിവയുടെ ഗൗരവംകുട്ടികള്ക്ക് വിശദീകരിച്ചു.
- അസുഖമുള്ളവരെ വേഗം നാട്ടുകാരുടെ സഹായത്തോടുകൂടി ആശുപത്രിയില് എത്തിക്കുന്നതിനുള്ള വിധം വിശദീകരിച്ചു.

**നിർദേശങ്ങൾ**

◆ ദുരന്ത സാധ്യതാ ലഘൂകരണപ്രവര്ത്തനങ്ങള് സംസ്ഥാന സ്കൂള് വിദ്യഭ്യാസത്തില് ഉള്പ്പെടുത്തുക

◆ നിരന്തരമായ ബോധവത്കരണ പ്രവര്ത്തനങ്ങളിലൂടെ നിര്ദേശങ്ങള് പ്രാവര്ത്തികമാക്കുക.

◆ ദേശീയദുരന്ത നിവാരണ നിയമം സംസ്ഥാന തലത്തിലും ജില്ലാതലത്തിലും പ്രാദേശിക തലത്തിലും നടപ്പിലാക്കണം

◆ കേരളത്തിലെ എല്ലാ സ്കൂളുകളിലെ കുട്ടികള്ക്കും നീന്തല് പരിശീലനം നല്കുക.

◆ ദുരന്തനിവാരണം എന്ന വിഷയത്തെ കുറിച്ച് കുട്ടികള്ക്ക് ബോധവല്ക്കരണം നല്കുക.

◆ നദിതീരവാസികളായ ജനങ്ങള്ക്ക് ഫൈബര് ബോട്ടുക്കള് വാങ്ങാന് സര്ക്കാര് ധനസഹായം നല്കുക.

◆ പ്രളയദുരന്ത മേഖലകളില് രക്ഷാകവചം നല്കണം.

◆ ഓറഞ്ച്, യെല്ലോ, റെഡ് അലര്ട്ട് എന്ന ക്രമങ്ങളുടെ ഗൗരവം ജനങ്ങളെ മനസ്സിലാക്കുക.

◆ വീട്ടുപകരണങ്ങള് ഉയരമുള്ള സ്ഥാനത്തേക്ക് മാറ്റുക.

◆ വിലപ്പെട്ട രേഖകള് പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ് സൂക്ഷിക്കുക.

◆ വാഹനങ്ങള് ഉയരമുള്ള സ്ഥാനത്തേക്ക് മാറ്റുക.

◆ വിട്ടീലെ വൈദ്യുതി പൂര്ണമായി നിര്ത്തുക.

◆ കുടിവെള്ളവും ഭക്ഷണവും ശേഖരിച്ച് സൂക്ഷിക്കുന്ന രീതികള് വിശദീകരിച്ചു..



# ലൈംഗിക അടിമയിൽ നിന്നും ലോക ഹൃദയത്തിലേക്ക് – ഒരു പെൺക്കുട്ടിയുടെ അസാധാരണ യാത്ര.

ADEN JOE JOHN




ഒരിക്കലല്ല, പലതവണ മരിച്ചിട്ടും ജീവിച്ചിരിക്കുന്ന അത്ഭുതത്തിന്റെ പേരാണ് നാദിയ മുറാദ്. ഇറാക്കിലെ ഭീകര താവളത്തിൽ ഒരിക്കൽ ആ പെൺകുട്ടിയുടെ മരണം ഉറപ്പിച്ചിരുന്നു വേട്ടക്കാർ; ഒപ്പം ആ പെൺുകുട്ടി സ്വയവും നിരന്തര പീഡനത്തിനൊടുവിൽ മനസ്സു മരവിച്ചു. ശരീരം നിശ്ചലമായി. നാദിയ മരിച്ചുവെന്ന് ഉറപ്പിച്ച ഭീകരർ അവരെഉപേക്ഷിച്ചു. ഇനിയൊരിക്കലും താൻ ജീവിതത്തിലേക്കു തിരിച്ചുവരില്ലെന്നു നാദിയയും ഉൾക്കിടിലത്തോടെ മനസ്സിലാക്കി. പക്ഷേ, കാലം ലോകത്തിനുവേണ്ടി കാത്തുവച്ചത് അത്ഭുതം. മരിച്ചുവെന്നു കരുതി ഉപേക്ഷിക്കപ്പെട്ട പെൺകുട്ടി

അന്നെങ്ങനെയോ ജീവിതത്തിലേക്കു തിരിച്ചുവന്നു. ആ തിരിച്ചുവരവ് വെറുതെയായില്ല.തനിക്കു തിരിച്ചുകിട്ടിയ ജീവിതത്തെ പിന്നീടു നാദിയ ന്യായീകരിച്ചത് ഇരകൾക്കുവേണ്ടിയുള്ള പോരാട്ടത്തിലൂടെ.ഐക്യരാഷ്ട്ര സംഘടനയുടെ ഗുഡ്‌വിൽ അംബാസഡറിൽ തുടങ്ങിയ നേട്ടങ്ങളുടെ വഴിയിലെ ഏറ്റവും ഒടുവിലത്തെ നാഴികക്കല്ലാണ് നൊബേൽ സമാധാന നേട്ടം. .

ഐക്യരാഷ്ട്ര സംഘടന ആസ്ഥാനത്തുനിന്ന് ഏതാനും വർഷം മുമ്പ് നാദിയ പറഞ്ഞ വാക്കുകൾ അത്രയെളുപ്പം ആർക്കും മറക്കാനാകില്ല. സ്വന്തം ജീവിതം ഒരു പെൺകുട്ടി പറയുകയായിരുന്നു. ലൈംഗിക അടിമത്തത്തിന്റെ നിസ്സഹായത. ഇറാക്കിലെ സിൻജാറിനു സമീപം കൊച്ചോ ഗ്രാമം. നാദിയയുടെ ജൻമഭൂമി. 2014 ഓഗസ്റ്റിൽ ഐഎസ് ഭീകരർ കടന്നുവരുന്നതുവരെ മറ്റേതൊരു പെൺകുട്ടിയേയും പോലെയായിരുന്നു നാദിയയും. സന്തോഷവും കളിചിരികളും നിറഞ്ഞ സ്നേഹത്തിന്റെ നാളുകൾ. കുടുംബത്തിന്റെ സംരക്ഷണം. സ്വപ്നങ്ങൾ. അന്നു നാദിയയ്ക്ക് പത്തൊൻപതു വയസ്സ്. സ്വപ്നങ്ങളുടെ ചിറകിലേറി പറക്കാൻ വെമ്പൽകൊള്ളുന്ന കാലം. ഓർക്കാപ്പുറത്താണു ഗ്രാമത്തിൽ ഭീകരാക്രമണം നടന്നത്. യസീദി വിഭാഗത്തിൽപ്പെട്ടവരെ

തിരഞ്ഞുപിടിച്ച് ആക്രമിക്കുന്നു. നാദിയയുടെ കുടുംബവും ഇരകളായി. ഗ്രാമത്തിലെ പുരുഷൻമാരെ ഒന്നടങ്കം കഴുത്തറുത്ത് കൊല്ലുന്നു. നാദിയയുടെ കൺമുന്നിൽ പിടഞ്ഞുമരിച്ചവരിൽ പിതാവും സഹോദരനുമുണ്ടായിരുന്നു. സ്ത്രീകളെയും കുട്ടികളെയും ഭീകരർ തട്ടിക്കൊണ്ടുപോയി, മൊസൂളിലേക്ക്. നാദിയ കണ്ടതൊക്കെയും നടുക്കുന്ന കാഴ്ചകൾ. ഭീകര ദൃശ്യങ്ങൾ. പിന്നീട് നടന്നതു വിവരിക്കാനാവാത്ത മർദനമുറകൾ. ആവർത്തിച്ച കൂട്ടമാനഭംഗങ്ങൾ. നിശ്ശബ്ദം സഹിക്കേണ്ടിവന്ന അതിക്രൂരതകൾ. ഒരിക്കൽ തടവിൽനിന്നു രക്ഷപ്പെടാൻ ശ്രമിച്ചു നാദിയ. ലഭിച്ചതു ക്രൂര ശിക്ഷ വീണ്ടും കൂട്ടമാനഭംഗം. എപ്പോഴോ ബോധം നശിച്ചു. മരിച്ചുവെന്നു കരുതി ഭീകരർ ഉപേക്ഷിച്ചു. ജീവിതം അവസാനിച്ചുവെന്ന് ഉറപ്പിച്ചു നാദിയയും. പക്ഷേ, വിധി മറ്റൊരു നിയോഗം കാത്തുവച്ചിരുന്നു. ഒരു ഭീകരതാവളത്തിൽ ആരുമറിയാതെ വിസ്മൃതയാകേണ്ട വ്യക്തിയായിരുന്നില്ല നാദിയ. അതുകൊണ്ടുതന്നെ അന്ന് ആ പെൺകുട്ടി ജീവിതത്തിലേക്കു തിരിച്ചുവന്നു. ഒരിക്കൽക്കൂടി രക്ഷപ്പെടാൻ ഒരു ശ്രമം നടത്തി. ഇറാക്കിന്റെ അതിർത്തി കടന്നു ജർമനി രണ്ടാമത്തേത് ഉത്തരവാദിത്തം. എന്നെപ്പോലെയും അതിൽക്കൂടുതലായും വേദനകളിലൂടെ കടന്നുപോയ, മാനഭംഗങ്ങൾ അനുഭവിക്കേണ്ടിവന്ന ആയിരക്കണക്കിനു സ്ത്രീകൾക്കും പെൺകുട്ടികൾക്കുംവേണ്ടി ഏറ്റെടുത്ത പോരാട്ടത്തെക്കുറിച്ചുള്ള ചുമതലബോധം. ഭീകരതയ്ക്കെതിരിയുള്ള പോരാട്ടത്തിൽ ഇനിയെങ്കിലും നാദിയ ഒറ്റയ്ക്കല്ല. അടിമത്വത്തിനെതിരെ ശബ്ദിക്കുമ്പോൾ ലോകം മുഴുവനുണ്ട് നാദിയയ്ക്കൊപ്പം. നൊബേൽ സമാധാന സമ്മാനം നാദിയയോടു പറയുന്നതും അതുതന്നെ; ഞങ്ങളുമുണ്ട് കൂടെ....

യിലേക്ക്. ദിവസങ്ങൾ നീണ്ട ശുശ്രൂഷകൾ. പരിചരണങ്ങൾ. മരുന്നുകൾ. ഓരോനിമിഷവും പിന്നോട്ടുപിടിച്ചുവലിക്കുന്ന ഓർമകളെ പിന്നിലുപേക്ഷിച്ച് ഒടുവിൽ സമർപ്പിത ജീവിതത്തിന്റെ നിറവിലേക്ക് ഫീനിക്സ് പക്ഷിയെപ്പോലെ...



ഐക്യരാഷ്ട്ര സംഘടനാ അസ്ഥാനത്തുവച്ച് ജീവിതകഥ പറഞ്ഞ നാദിയയുടെ അടുത്തേക്ക് അന്നത്തെ സെക്രട്ടറി ജനറൽ നടന്നുചെന്നു. ആ പെൺകുട്ടിയെ ബാൻ കി മൂൺ ചേർത്തുപിടിച്ചു. അതുവരെ പൊട്ടിക്കരയാതെ നിന്ന കുട്ടി കരഞ്ഞു.അന്നേ ലോകം ഏറ്റുവാങ്ങിയിരുന്നു ആ കണ്ണീർ. അന്ന് ഹാളിൽ മുഴങ്ങിയ കരഘോഷം ലോകത്തോടു വിളിച്ചുപറഞ്ഞു – നാദിയ ഇനി ഐക്യരാഷ്ട്ര സംഘടനയുടെ ഗുഡ്‌വിൽ അംബാസഡർ. അംഗീകാരങ്ങളുടെ വഴിയിൽ അന്നു യാത്ര തുടങ്ങിയ നാദിയ ഇന്നെത്തി നിൽക്കുന്നത് നൊബേൽ സമാധാന സമ്മാനത്തിന്റെ നിറവിൽ. ചരിത്രത്തിലെ അവിസ്മരണീയമായ ഒരു അധ്യായമായി ഇനിയെന്നും

തിളങ്ങും നാദിയ. ആത്മവിശ്വാസത്തിന്റെയും ധീരതയുടെയും ജ്വലിക്കുന്ന പ്രതീകമായി....

ഒരിക്കൽ നാദിയ പറഞ്ഞു ...കണ്ണടച്ചാലും തുറന്നാലും രണ്ടു ഭാരങ്ങൾ ചുമലിലേന്തിയാണ് ഞാൻ നടക്കുന്നത്. ആദ്യത്തേത് ഓർമകൾ. ഇനിയൊരിക്കലും മോചനമില്ലാത്ത,എന്നെന്നേക്കും പിന്തുടരുന്ന ഭീകരദൃശ്യങ്ങൾ. രക്തം. മുറിവ്.

**നിലവിളികൾകൂട്ടമാനഭംഗങ്ങളുടെ വേദന. എന്നെ തടവിലിടുന്ന ഓർമകളുടെ ഭാരം. ...**

**രണ്ടാമത്തേത് ഉത്തരവാദിത്തം. എന്നെപ്പോലെയും അതിൽക്കൂടുതലായും വേദനകളിലൂടെ കടന്നുപോയ, മാനഭംഗങ്ങൾ അനുഭവിക്കേണ്ടിവന്ന ആയിരക്കണക്കിനു സ്ത്രീകൾക്കും പെൺകുട്ടികൾക്കുംവേണ്ടി ഏറ്റെടുത്ത പോരാട്ടത്തെക്കുറിച്ചുള്ള ചുമതലബോധം.**

ഭീകരതയ്ക്കെതിരിയുള്ള പോരാട്ടത്തിൽ ഇനിയെങ്കിലും നാദിയ ഒറ്റയ്ക്കല്ല. അടിമത്വത്തിനെതിരെ ശബ്ദിക്കുമ്പോൾ ലോകം മുഴുവനുണ്ട് നാദിയയ്ക്കൊപ്പം. നൊബേൽ സമാധാന സമ്മാനം നാദിയയോടു പറയുന്നതും അതുതന്നെ; ഞങ്ങളുമുണ്ട് കൂടെ....







**ALVIN K ABRAHAM**

**9 D**

ഇന്ത്യൻ യുവതയുടെ ചേതനകളിൽ മഹാസ്വപ്നങ്ങളുടെ വിത്തുപാകി ഭാവിയുടെ ആകാശങ്ങളിൽ ആർത്ത് പറക്കാൻ യുവ മനസ്സുകളിൽ അഗ്നിച്ചിറകുകൾ തുന്നിച്ചേർത്ത, ആധുനിക ഇന്ത്യയുടെ മിസൈൽ മനുഷ്യൻ ഡോ.അവുൾ പകീർ ജയ്നുലാബ്ദീൻ അബ്ദുൾ കലാം. അദ്ദേഹത്തിൻെറ ജന്മദിനമാണ് ഒകോടബർ **15. 1931** ഒകോടബർ **15** ന് തമിഴ്നാട്ടിലെ രാമേശ്വരത്ത് ദരിദ്രരായ മാതാപിതാക്കളുടെ മകനായി ജനിച്ച്, ഒരു മഹാനദീപ്രവാഹം പോലെ സദാഉള്ളുണർന്നൊഴുകിയ അതിജീവനത്തിൻെറ ആത്മവീര്യവുമായി, മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്ന് എയ്റോനോറ്റിക്കൽ എൻജിനിയറിംഗിൽ വൈദഗ്ധ്യം നേടി ലോകപ്രശസ്ത ശാസ്ത്രജ്ഞനായി വളർന്ന മഹാനായ ഡോ. എ.പി.ജെ. **1981** പത്മഭൂഷണം,

**1997** ൽ ഒരു ഇന്ത്യൻ പൗരനു ലഭിക്കുന്ന ഏറ്റവും വലിയ സിവിലിയൻ അവാർഡായ 'ഭാരത് രത്ന'യും നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. **2002** ജൂലൈ **25** ന് സ്വതന്ത്രഭാരത്തിൻെറ **11**-ാം രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ടതോടെ ഡോ. എ.പി.ജെ വിശ്വപൗരപ്രമുഖരുടെ ഇടയിൽ ഇടംനേടി! **2007** ൽ പ്രസിഡൻെറ പദമൊഴിഞ്ഞ അദ്ദേഹം താൻ ഏറ്റവും വിലമതിച്ച അധ്യാപന സപര്യയുമായി, ഏറ്റവും സ്നേഹിച്ച ഇന്ത്യൻ യുവതയെ തേടി നടത്തിയ എട്ടുവർഷത്തെ നിരന്തരയാത്രയിൽ **2.15** കോടി വിദ്യാർഥികളുമായാണ്, പ്രചോദ്ദാത്മക സംവാദങ്ങളും നടത്തിയത്.




ഒരോ ഇന്ത്യൻ യുവത്വവും സ്വയം 'അഗ്നിച്ചിറകുകൾ' വിരിച്ച്, 'ജ്വലിക്കുന്ന മനസോടെ' ഉന്നത സ്വപ്നങ്ങൾ വിശാലാകാശത്തിൽ 'പറക്കേണ്ടതെങ്ങനെ'

എന്നാണ ഡോ. എ.പി.ജെ. അബ്ദുൽ   കലാം

പഠിപ്പിച്ചത്. സ്വന്തം അസാധ്യങ്ങളുടെ കാരണം

കണ്ടെത്തി, അപകർഷതാബോധത്തിൻെറ

കുഴയിലിഴയേണ്ടവരല്ല ഇന്ത്യൻ യുവത്വം, പകരം,

ഓരോ വ്യക്തിയും അപരമായ മഹത്വത്തിൻെറയും

ആശയങ്ങളുടെ നന്മകളുടെയുംഖനികളാണ

ജനിച്ചിട്ടുള്ളതെന്നും, അതിജീവിതത്തിൻെറ

ആകാശത്തിൽ



# DEVELOPING AN APP

**MILAN SAJI**


**9 B**



**<u>MIT APP INVENTOR </u>** എന്ന **software** ഉപയോഗിച്ചാണ് ഈ ആപ്ലികെഷൻ തയ്യാറാക്കിയിരിക്കുന്നത്.


**12-**ഓളം പഠനസഹായിക്കൾയായ **website-**കൾ ഉൾപ്പെടുത്തിയാണ് ഈ നിർമിക്കുന ഈ ആപ്ലികെഷൻ സ്കൂൾ വിദ്യാർത്ഥികൾക്ക് വളരെ ഉപയോഗമാണ്.

<u>ഉപയോഗം</u>**:** സാങ്കേതിക വിദ്യകൊടിക്കുത്തി വാഴുന്ന ഈ യുഗത്തിൽ ഇത്തരം ഒരു ആപ്ലികെഷൻെറ ആവശ്യകത ഏറെ പ്രസക്തി അർഹിക്കുന്നതാണ്.



<u>നിർമ്മാണരീതി</u> **:** ആദ്യമായി, **mit app inventor** തുറക്കുക, അതിനുശേഷം **application---programming---mit app inventor** എന്ന **software** തുറക്കുക

തുറന്നു വന്ന ജാലകത്തിൽ **log in** ക്ലിക് ചെയ്യുക. ലോകിൻ ചെയ്യുന്നതോടെ പുതിയ ഒരു ജാലകം തുറന്നു വരുന്നു




**start project** എന്ന **button-**നിൽ **click** ചെയ്യുക .

തുറന്നു വരുന്ന **user interface-**ൽ നിന്നും ഒരു **button** ഉപയോഗിച്ച് ചിത്രത്തിൽ കണ്ടന്നപ്പോലെ ക്രമീകരിക്കുക.


**Button** ഈ ക്രമീകരിക്കുക **height=fill parent**

**width=fill parent.**

അടുത്തതായി പുതിയ **screen add** ചെയ്യുക

പുതിയ പേര് നൽകുക.

**button-**നുകൾ ചിത്രത്തിൽ കണ്ടന്നപ്പോലെ




ക്രമീകരിക്കുക. **Shape-**എന്ന **setting**

ഉപയോഗിച്ച് **button-**നുകൾ ചിത്രത്തിൽ


കണ്ടന്നപ്പോലെ ക്രമീകരിക്കുക. ഉപയോഗിച്ചയല്ല

**button-**നുകൾക്കും പുതിയ **screen add** ചെയ്യുക.

ചിത്രത്തിൽ കണ്ടന്നപ്പോലെ ആവശ്യമുള്ള **media**


ക്രമീകരിക്കുക.**web viewer.notifier** എന്നിവ

**screen-**നിൽ **add** ചെയ്യുക.



# മലയാളത്തിന്റെ മുഖശ്രീ

## -ഇന്ദുലേഖ




മലയാള സാഹിത്യ രംഗത്ത് അന്നും ഇന്നും എന്നും സ്ത്രീയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും സ്ത്രീ -പുരുഷ സമത്വത്തെക്കുറിച്ചും വ്യക്തമായ കാഴ്ച്ചപ്പാട് നൽകി ഒരു മഴയായ് പെയ്ത്, ഇന്നുംവറ്റാതെ ഒഴുകുന്ന കൃതിയാണ് 'ഇന്ദുലേഖ'.**1867** -ൽ ബംഗാളിയിൽ പ്രസിദ്ധികരിച്ച ' ദുർദേശനന്ദിനി ' ആണ് ഇന്ത്യയിലെ ലക്ഷണയുക്തമായ ആദ്യ നോവൽ ,ബങ്കീം ചന്ദ്ര ചാറ്റർജി ആണ് രചയിതാവ്. എന്നാൽ **1889** ൽ മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ നോവലായ 'ഇന്ദുലേഖ'പുറത്തിറങ്ങിയത് .അതോടെ

**ADEN JOE JOHN**



ചന്തുമേനോൻ മലയാള നോവൽ സാഹിത്യത്തിന്റെ പിതാവായി.**1899** ജൂൺ **11** ന് ആണ് ചന്തുമേനോൻ ഇന്ദുലേഖ എഴുതി തുടങ്ങിയത് .ഓഗസ്റ്റ് **17** ന് എഴുത്ത് പൂർത്തിയാക്കി .**1899** ഡിസംബറിൽ സ്പ്പേറ്റർ അച്ചുകൂടത്തിൽ ഇന്ദുലേഖയുടെ ആദ്യ പതിപ്പ് അച്ചടിച്ചു.



പാശ്ചാത്യ സംസ്കാരത്തിൽ നിന്ന് നമുക്ക് യോഗ്യമായവ സ്വീകരിക്കണം എന്ന ആശയക്കരനായിരുന്നു ചന്തുമേനോൻ . തന്റെ

സമുദായത്തിൽ നിലനിന്നിരുന്ന ഉറപ്പില്ലാത്ത സംബന്ധ വിവാഹത്തോടും അർത്ഥമില്ലാത്ത ആചാരങ്ങളോടും അദ്ദേഹത്തിന് വെറുപ്പും പുച്ഛവുമായിരുന്നു . ഇംഗ്ലീഷ് പഠിച്ച പരിഷ്കൃതമായ ആളുകളുടെ ഒരു സമൂഹമുണ്ടാകണമെന്നായിരുന്നു ചന്തുമേനോന്റെ സ്വപ്നം. ഈ ആശയങ്ങളെല്ലാം തന്റെ നോവലിലൂടെ വായനക്കാരനിലേക്ക് പകരാൻ അദ്ദേഹത്തിന് ഇന്ദുലേഖയിലൂടെ സാധിച്ചു.

വളരെ പുരാതനവും സമ്പന്നവും ആയ ഒരു കൂട്ടുകുടുംബത്തിൽ ആണ് ഇന്ദുലേഖ നോവലിന് വേദിയാകുന്നത്. ഗൗരവക്കാരായ പഞ്ചുമേനോന്റെ കൊച്ചുമകളാണ് ഇന്ദുലേഖ. ഇന്ദുലേഖയും അവരുടെ സംബന്ധക്കാരനായ മാധവനും തമ്മിലുള്ള വിവാഹം നടക്കുവാൻ തടസ്സങ്ങൾ നേരിടുന്നു.

ചുരുക്കത്തിൽ മലയാളസാഹിത്യത്തിൽ ഒരു വലിയ മാറ്റം നൽകാൻ ഇന്ദുലേഖയ്ക്ക് കഴിഞ്ഞു. സാഹിത്യരംഗത്ത് മാത്രം ഒതുങ്ങാത്ത കലാരംഗത്തും ഇന്ദുലേഖയ്ക്ക് തിളങ്ങാൻ സാധിച്ചു . നാടകമായും ചലച്ചിത്രമായും ചരിത്രത്തിന്റെ ഏടുകളിൽ സുവർണ്ണലിപികളിൽ തന്നെ സ്ഥാനം പിടിക്കാൻ ഇന്ദുലേഖയ്ക്ക് ഒപ്പം ചന്തുമേനോനും സാധിച്ചു.

# ഹിന്ദിദിനം



NEHAL LIJU

9 C

**2018-19** അക്കാദമിക്ക് വർഷത്തിലെ

ഹിന്ദിദിനാചരണം **sept.17** ന് സമുചിതമായി

ആചരിക്കുകയുണ്ടായി.

ഹിന്ദിഭാഷ മാധ്യമമായി ഉപയോഗിച്ച കൊണ്ടുള്ള

അസംബ്ലിയാണ് അന്നേ ദിവസം സംഘടിപ്പിച്ചത്.

രാഷ്ട്രഭാഷയായ ഹിന്ദിയുടെ പ്രാധാന്യം

ബോധ്യപ്പെടുംത്തി ഏറെ ശ്രദ്ധേയമാക്കി.

ഹിന്ദി ക്ലബ്ബിൻെറ നേത്രത്ചത്തിൽ കുട്ടികൾ

പ്രസംഗം കവിത, ദേശഭക്തിഗാനം എന്നിങ്ങനെ

ഏറെ വൈവിധ്യമുള്ള പല പരിപാടികളും

അവതരിപ്പിക്കായുണ്ടായി.

ദേശിയഗാനംത്തോടെ ഹിന്ദിഭിനാചരണ

പരിപാടികൾ സമാപിച്ചു.



# ഇനിയും വരുമോ ?

ഈ ബാല്യം ഇനിയും വരുമോ?

നാൾ വഴികളിൽ കണ്ടുമുട്ടുമോ?

എന്റെ വസന്തകാലം എന്നയ്ക്കുമായി-

കൊഴിഞ്ഞുപോകുമോ?

കാലത്തിൽ ചെറുതോണിയിൽ

ഇനിയും വരുമോ?നീ എന്ന കാണവാൻ

കാറ്റിൻ തലോടൽ പോലെ

കടലിൻ ഇരമ്പൽ പോലെ

എന്ന കാണവാൻ  നീ വരുമോ?

കാലത്തിൽ ചെറുതോണിയിൽ

നീ സഞ്ചരിക്കുമ്പോൾ

എന്നെയും കൂട്ടുമോ?

കൊഴിഞ്ഞുപോയ വസന്തകാലത്തിൻ

ഓർമ്മയ്ക്കായ്

വീണ്ടും പാടാം പറക്കാം

ഒന്നായ്.........




**DAN JOSEPH ABRAHAM**



**9 B**

# English Section

## Lost Reveries

Reveries of days ans dreams of nights
Merged into my thoughts of the day
All went running haze so gay
I tried to gather all but in vain.....

What a blissful days were those
Live in company , wandering everywhere
Not governing the thoughts of life
Oh God! I plea you to regain those lovely days.



Now I suffer the haze of days
All leading to one end
I loath the fetters of life
And I like to free from those golden fetters.

I bleed from the smooth thorns of life
Again I like to walk away from those thorns
Oh God! Bless me with the boons of blooms...



**MAHIJA P. T**

# Nature

SILPHA S -IX B

Nature is blessed with trees,

Trees that sway in the breeze;

Nature is blessed with ants ,

Ants that eat up plants ;



Nature is blessed with sand

sand that makes up the land

Nature is blessed with the sun and the

moon

that makes nature bloom.

Nature is blessed with the sea

that lots fish swim free :

Nature is blessed with the mountain and hills

that have no their backs ,forests,and mills

Nature is blessed with with river and valley

that resemble beautiful galleries:

Nature's creator is the most wonderful

And it is this creator'all powerful

Whom we should seek

all through the week.

**THE LITTLE THINGS IN LIFE**

AASHISH . S. REJIKUMAR

9 D

One day I came into your life,

as an empty little page; On which your every

word ,or action, Will forever he engraved

So keep in mind when you're upset,

the authority that you hold; your every

word,and every action, My tender little heart

will mould.




As I grow I will make mistakes,

And at times I will frustrate you .

Remember ,it'll take gears to see

The hurt harshly spoken words will do

When I have grown, I will make you joy

and fill your heart with delight I will bring

respect to your name, Never sorrow,or

disagree.

Then just like you, I will too, make this world

a better place.

# Commercialization of Education

**ALKA KRISHNAN**

**9 B**




Commercialization of education is one of the important issues that has impacts on many aspect's of many student's daily life. It might seem like an unreal situation to some of us, but sadly ,it is rampant almost everywhere in our own country. The commercialization of education has been a fairly recent trend in India that stems from the educational reform in the country over the last two decades. It became huge after the mushrooming of large number of public schools. Thus ,from them, it grew into in colleges and other educational institutions. It was already quite rampant in countries like United States,where the status symbol of families were decided by whether their kids attended public schools or private schools.

It changes the traditional concepts of education in Indian society ,including the teacher and student relationship,education and attitude towards gaining knowledge. Education was something that was always driven by devotion and thought in the former days. However now ,the equation has changed and it is quite visible too. The desire and thirst for learning has definitely come down.

Whatever the scenario is commercialization isn't the answer or

means to good quality education. It is upto

us- the students and our parents -to turn it

down,and make a change.

# THE ROLE OF EDUCATION IN MAKING A GOOD CITIZEN


ADEN JOE JOHN

9 B



The purpose of education is to equip children for life. It is important to choose a system of education valuable to society. Education plays an important role in the life of nation .The only education that they encouraged was the bookish education which produced clerks and assistant to help the foreign rules in their day to day administration .But today all they realised that education is not a process of imparting lifeless information to students. Children have the potentialities to act to think and feel. So the task of education is to draw out these powers .Education was not encouraged because education brings enlightenment and enlightenment brings spirit of freedom and danger to foreign domination. Education must be for the children's development of the physical,the intellectual and emotional potentialities . Education will enable children to lead a good life .

# FIVE FACT ABOUT ALBERT EINSTEIN



* Einstein was a slow learner as a child and spoke very slow .

* Einstein had a illegitimate daughter born in 1902.

* Einstein Noble Prize went to his ex wife as divorce settlement.

* Einstein was offered the presidency of Israel which he politely declined.

* Einstein failed in his university entrance exam.

**SUDEV.S**

**9 A**



# ACROPOLIS OF ATHENS

Athens is a historical city and the capital of Greece that is marked for its artistic and intellectual heritage . There are many sights in and around the city that can leave a visitor spellbound. One of them is the Acropolis.


It is an ancient citadel or fortress that is located on a rock formation above Athens. History records that the site was built during the second half of the 5th century BC as a home to Athena,the patron goddess of the city .

It is special, for the archaeological remains of several marvellous buildings that once stood here . Some of the most important ones are the Pathenon,the chief shrine to Athena,the Propylaea which was the Erechtheum,which was a shrine to the Temple of Athena Nike , an architectural symbol of harmony .

The term Acropolis comes from the Greek word meaning 'the highest point' . It is to be noted that there are many acropolis in Greece ,but the most significant one is the Athenian .

Today ,only remains of the fortress can be seen at the location . A considerable portion of the buildings have been destroyed over centuries.acropolis of athens






## Milan's tips

Greed for power is inherent in man this desire comes from the consciousness of man's mental and moral superiority over other creatures. It is instinctive, therefore, that man as a superior being that all beings are created unequal gives birth to the desire to rule and dominate others. The history of the world,so far as man is concerned, is a history of the fight for power. Thus from the primitive wars tribes and clans to the ruinous wars of today,there is only one idea behind these wars and that is the thirst for this power. Broadly speaking power is of two kinds physical and mental. Physical power is of the lower order as compared to the power of the mind. Primitive men mainly understand one kind of power and that was of the body power. In the past the strength of arms decided things and might alone was right.

However, with the growth of civilization and the development of human mind , and mental power came to be recoganised as of a superior power.

Greed for power is inherent in man this desire comes from the consciousness of man's mental and moral superiority over other creatures. It is instinctive, therefore, that man as a superior being that all beings are created unequal gives birth to the desire to rule and dominate others. The history of the world,so far as man is concerned, is a

history of the fight for power. Thus from the primitive wars of tribes and clans to the ruinous wars of today,there is only one idea behind these wars and that is the thirst for this power.

# GOOD MANNERS

Good manners are the real test of a gentleman. A men is honoured in society only if he possesses good manners. Good manners should be taught from childhood. Children should be taught to respect their parents, teachers and elders. Good manners are seen in small act of life. We should always polite to others. We should always say 'please'. when asking for a things. We should always say 'thank you' after getting thing from another person.

A person of good manners is always honest. He does not cheat anybody. A person of good manners always speak the truth. He never tells a lie. Everybody trust him.


A person of good manners is always dressed nicely. He wears clean and simple clothes. He dressed according to the need of time. A person of good manners always punctual. He is never hate for his duty. So we should always try to have good manners in our life.



# Fun of Facts....


DAN JOSEPH ABRAHAM

9 B







- Mary Kingsley [born in 19th century Victorian European] was the first. woman to reach the summit of west Africa's highest peak,mount Cameron.




- Renaissance artist Michelangelo painted the ceiling of the Sistine Chapel . As of October2016,New popes are elected below this famed masterpiece.
- Author of the Histories, Herodotus was the first Greek to narrate past events in prose. He is therefore considered to be the father of History.
- Scottish philosopher and economist Adam Smith's The wealth of nations was the first important book on the subject of political economy, which continuous to be influential.




- A baby elephant is called a calf. A baby whale is also called a calf
- All crocodiles are very sensitive to cold
- Only male lion have manes

- Most calculators are more powerful than the world first computer
- Neptune was the first planet located through mathematical predictions rather than through systematic observations of the sky.



- Globally,close to 2,00,000 text messages are sent every second
- One of the smallest dinosaurs that lived during the Jurassic was hardly larger than a pet cat
- The inventor of bubble gum sold his gum under the name Rubble Bubble
- The first women to be featured on an American commemorative coin was queen Isabella of Spain




- The first ape Darwin saw an orang-utan  named Jenny at London zoo in 1838.He was immediately struck by the similarities between her behaviour and that of humans.



- Tigers have been hunted for their fur as well as  for other body parts that many people use in traditional medicines.



- The decimal system was developed in India in 100 B.C






- Asian Elephants live in the tropical forests and grasslands of south east Asia.

# INTRODUCTION TO A FEW WRITERS

Shalu Andrews

Many writers presented stories for children. Many of these books are available in libraries.



Examples are 'Mallanum maathevanum' wrote by uroob [p.c kuttykrishnan] “oru kudayum kunjupengalum”by Muthuvarky ,the story narrated by gosai by lalithambika antharjanam.Wayanadinte omana by kadavanadu kuttykrisnan,manykyakallu by M T Wasudevan Nair azhakanum poovaliyum by karoor and unnikutente lokam by Nanthanar [PC Gopalan]



Cherukadu wrote by Karuppan kutty ,V. Madhavan Nair [Mali]wrote”Mali Ramayanam kunhi koonan was written by Narendranath . Thikodiyan wrote mazhavillinte nattil thayattu sankaran vanabhojanam G Sankara pilla . Plavila thoppikal . These are wrote for children.



PUSPAVAADI -- KUMARANASHAN

DEEPAVALI -- ULLOOR

NAAZHIKA MANI -- PANDALAM

BAALAMRITHAM -- P.KUNHIRAMANNAIR

OLAPEEPPI -G.SANKARAKURUP

PACHAKUTHIRA -VILOPPILLI

OMANAPAITHAL -PALA NARAYANAN

VALAPOTTUKAL -O.N.V. KURUP

VAAZHETHEN -SUGATHAKUMARI

ORUKULA MUNTHIRINGA -AKITHAM



# GLOBAL WARMING



*Global warming is the greatest tragedy that occurred our Earth. Global warming was caused because of the increase in greenhouse gases in the atmosphere. The amount of carbon dioxide,methane and other greenhouse gas lead to the global warming. AC,refrigerators and other occupants produced a kind of carbon tetrachloride. It is a dangerous chemical that cause ozone depletion. Ozone depletion lead the sun rays to reach the Earth directly. And it may increase amount of Green house gases. may lead to Global warming'. It estimated that 10 trillion tonne kg of Carbon dioxide is dumped by the factories and otheobjects to air.Deforestation is the major cause of 'Globalwarming'. When we cut down trees and plants,there is no purifiers to purify the carbon dioxide. It led to the increase of amount of carbon dioxide. Smoke from factories and vehicles also become a reason for this The consequences of Global warming are*

- *It may led to the depletion of diversity of specious of plants and animals.*
- *With high temperature the polar region melt and causes flood.*
- *Famine will break down all over the world.*

*Now we are not free from the problems of recent flood that create earth quake in human minds .*

*People were not fully recovered from this.*

*Probably,this flood is also the after affects of the global warming. Now our water resources and dams were dried out. Because of high temperature of atmosphere. Now we felt the exact thirst for water. The government is trying to recover from this obstacles and to recover the old Kerala. Old Kerala was enriched with diversity of flora and fauna a nd different natural beauties. Now we lost everything. Global warming was partially a reason for the recent flood. Global warming lead our state into drought.*

*We subdue everything to nature, but we don't believe that the nature will respond very vigorously. We are also the reason to transpire the Global warming. We witnessed the copious death of many lives. So we should make  a concerted effort to make nature feel happy. We can recover the global warming by afforestation and minimize the use of fuel Vehicles and  maximum the use of  bicycles. We should endorse the bad acts to nature. Then automatically the nature will help us. Global warming may become a threat to the existence of human life. If we don't care it, it should lead to the great death of human life and we will face another form of nature as calamities.*

*So we should more aware about the consequences and reason of global warming.  I strongly believe that we can recover it and can sustain a self reliant life in our earth.We can make awareness classes on global warming and resist the Earth from other natural calamities. I conclude that an investment in nature pats the best interest*

**ADEN JOE JOHN**

**9 B**

